(5) പെരിന്തൽമണ്ണ താലൂക്കിൽ നെൽപ്പാടങ്ങൾ നികത്തിയതു സംബന്ധിച്ച്

ശ്രീ. മഞ്ഞളാംകുഴി അലി: പെരിന്തൽമണ്ണ താലൂക്കിൽ കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് 559 പേർക്ക് 84 ഏക്കർ സ്ഥലം മണ്ണിട്ട് നികത്താൻ പെർമിഷൻ കൊടുത്തു. ഇതിന്റെ മറവിൽ ഇരുന്നൂറോളം ഏക്കർ കൃഷിഭൂമി വേറെയും നികത്തിയിട്ടുണ്ട്. അധികവും പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലേതാണ്. അതുകാരണം വീടുകളിലും കിണറുകളിലും വർഷകാലത്ത് വെള്ളം കയറുകയും ആൾക്കാർക്ക് മാറിത്താമസിക്കേണ്ട ഗതികേടുണ്ടാകുകയും ചെയ്തു. ഇടിടെയുണ്ടായ വെള്ളപ്പൊക്ക കെടുതികളും വീഡിയോ സി.ഡി.-യിൽ ആക്കി ബഹുമാനപ്പെട്ട കൃഷി മന്ത്രിക്കും മുഖ്യമന്ത്രിക്കും നാട്ടുകാർ അയച്ചുകൊടുത്തു. എന്നിട്ടും ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. സെന്റ് ഒന്നിന് മൂവായിരം രൂപ വീതം എസ്റ്റേറ്റ് ലോബിയിൽ നിന്ന് കൈക്കൂലി വാങ്ങിയാണ് ഇതിനുള്ള പെർമിഷൻ കൊടുത്തത്. കൈക്കൂലി വാങ്ങി അശാസ്ത്രീയമായി പില്ലിംഗ് ഓർഡർ കൊടുക്കുകയും ജനങ്ങളുടെ ജീവിതം ബുദ്ധിമുട്ടിലാക്കുകയും ചെയ്ത ഉദ്യോഗസ്ഥൻമാർക്കെതിരെ അന്വേഷണം നടത്തി മാതൃകാപരമായി ശിക്ഷിക്കണമെന്നും മണ്ണെടുക്കുന്നത് തടയാനുള്ള പുതിയ നിയമനിർമ്മാണം കൊണ്ടുവരണമെന്നും ഈ സബ്മിഷൻ വഴി ഞാൻ ആവശ്യപ്പെടുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, പെരിന്തൽമണ്ണ താലൂക്കിൽ രണ്ടുമൂന്നു വർഷത്തിനിടയിൽ 24 പഞ്ചായത്തുകളിൽ 78 ഏക്കർ ഭൂമി നികത്തിയെടുത്തിട്ടുണ്ട്. മെമ്പർ പറഞ്ഞ കണക്കല്ല, ഇത് എനിക്കു കിട്ടിയിരിക്കുന്ന കണക്കാണ്. ഇത് 1967-നുശേഷം പെരിന്തൽമണ്ണ താലൂക്കിൽ വ്യാപകമായിട്ടുള്ളതാണ്. അതിൽ എല്ലാപേരും കുറ്റക്കാരാണ്. ആ വിധത്തിലുള്ള നികത്തൽ നടപടികളാണ് കാണുന്നത്. 2002-നുശേഷം 5 സെന്റ് മാത്രം സ്ഥലം താമസിക്കാൻ ഭൂമിയില്ലാത്തവർക്ക് നികത്താമെന്നു പറഞ്ഞത് ദുരുപയോഗപ്പെടുത്തിയിട്ടുണ്ട്. ഇന്നിപ്പോൾ ചെയ്തിരിക്കുന്നത് 1 ഏക്കർ സ്ഥലമുള്ളവർ വരെ നിലം നികത്തിയിട്ടുണ്ട്. മെമ്പറുടെ ഭാര്യ ഉൾപ്പെടെ നികത്തിയെന്നാണ് കാണുന്നത്. അതാണ് എനിക്കു ലഭിച്ച റിപ്പോർട്ട്. അത് ഞാൻ മേശപ്പുറത്തുവയ്ക്കാം. അതാണ് ഞാൻ പറഞ്ഞത് വ്യാപകമായി നടന്നിട്ടുണ്ടെന്ന്. ഈ നിയമം ദുരുപയോഗപ്പെടുത്തുന്നുണ്ട്. ആ വിധത്തിൽ ഈ നിയമം ദുരുപയോഗപ്പെടുത്തുന്നതുകൊണ്ടാണ് ഗവണ്മെന്റ് ഈ അടുത്തകാലത്ത് സാധാരണ നമ്മുടെ നാട്ടിൽ പേഴ്സണൽ നിയമങ്ങൾ മാറ്റിയതിന്റെ അടിസ്ഥാനത്തിലും കുടുംബത്തിൽ വിവാഹം നടന്നാൽ മാറി താമസിക്കുന്നതിന്റെ അടിസ്ഥാനത്തിലും . ആണ് 2002-ൽ കരഭൂമിയില്ലാത്ത ആളുകൾക്ക് 5 സെന്റ് ഭൂമി നികത്താമെന്നുള്ള നിലയിൽ ഗവണ്മെന്റ് ഓർഡർ കൊടുത്തത്. അതിൽ അടുത്തു താമസിക്കുന്നവർക്കും, കൃഷിനിലത്തിനുള്ള നീരൊഴുക്കിനും, ഡ്രെയിനേജിനും തടസ്സമുണ്ടാകാത്ത വിധത്തിലായിരിക്കണമെന്ന നിബന്ധനകളൊക്കെ വച്ചിരുന്നു. പക്ഷേ, അത് ആളുകൾ ദുരുപയോഗ പ്പെടുത്തുന്നു. അതുകൊണ്ടാണ് ഗവണ്മെന്റ് ഇത് കൺസൽ ചെയ്യണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

ആലോചിച്ചതും ഇപ്പോൾ ഇത് എങ്ങനെ നിർത്താമെന്നതു സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു കേസ് വന്നതിന്റെ അടിസ്ഥാനത്തിലുമാണ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ, collector-മാരുടെ ഒരു കമ്മിറ്റി വിളിച്ചു ചർച്ചകളൊക്കെ നടത്തിയതും ലാന്റ് കമ്മീഷണർ അദ്ധ്യക്ഷനായി കമ്മിറ്റി സംഘടിപ്പിക്കുകയും ചെയ്തത്. കമ്മിറ്റിയുടെ റിപ്പോർട്ട് മൂന്നു മാസത്തിനകം ലഭിക്കും. ആവശ്യമായ നടപടികൾ ഗവണ്മെന്റ് സ്വീകരിക്കും. ഞാനിത് പറയുമ്പോൾ അങ്ങോട്ടും ഇങ്ങോട്ടും കൂറ്റം പറഞ്ഞിട്ട് കാര്യമില്ല. നിലങ്ങൾ ധാരാളം നികത്തുന്നുണ്ട്. വീടിനെന്നു പറഞ്ഞ് നികത്താൻ മോദിച്ചിട്ട് അവിടെ വയ്ക്കുന്നത് കടയായിരിക്കും. മറ്റ് വിധത്തിൽ വ്യവസായത്തിനെന്നു പറഞ്ഞ് ചോദിച്ചാൽ.....(ബഹളം).....നടപടിയെടുക്കുന്നുണ്ട്..... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷന് ഇങ്ങനെ ചോദിച്ചാൽ.....

ശ്രീമതി കെ. ആർ. ഗൗരിയമ്മ: നിയമസഭയിൽ നിയമപരമായ വിധത്തിൽ മാത്രമേ ഉത്തരം പറയാൻ പറ്റൂ. .....(ബഹളം).....ആ നിലയിൽ..... (ബഹളം).....ഇപ്പോഴും നടക്കുന്നുണ്ട്. ദുരുപയോഗപ്പെടുത്തുന്നുണ്ട്. ഉദ്യോഗസ്ഥന്മാർ അതിന് കൂട്ടു നിൽക്കുന്നു. അതിന് മന്ത്രിമാരടക്കമുള്ളവർ ബഹിയാടുകളാകുന്നു. അതാണ് ഇന്നത്തെ സ്ഥിതി. അതുകൊണ്ട് ഇത് നികത്തുന്നതിന് എതിരായി ആവശ്യമായ നടപടികളെടുക്കാൻ സർക്കാർ തയ്യാറാണ്. ഇതിന് ജനങ്ങളുടെ സഹകരണം വേണം. അതാണ് ആവശ്യം.

(6) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന്റെ പ്രവർത്തനം

ശ്രീ. കെ. മോഹൻകുമാർ: സർ, പ്രമേഹരോഗ ഗവേഷണ മേഖലയിൽ വലിയ പ്രതീക്ഷകൾ ജനിപ്പിച്ചുകൊണ്ടാണ് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2001 നവംബറിൽ ശിലാസ്ഥാപനം നടത്തിയത്. സർക്കാർ വക 18 ഏക്കർ ഭൂമിയും സാമ്പത്തിക സഹായവും ഉദാരമതികളായ മറ്റ് സ്ഥാപനങ്ങളുടേയും വ്യക്തികളുടേയും സഹായവുമൊക്കെ വാങ്ങി ഒരു അന്തർദേശീയ നിലവാരമുള്ള അഭിമാനകരമായ സ്ഥാപനമായി മാറേണ്ടിയിരുന്ന ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് എന്ന സ്ഥാപനം ഉത്തരവാദപ്പെട്ട ചിലരുടെ ഉപേക്ഷയും ഉദാസീനതയുംകൊണ്ട് തകരുകയാണ്. ഒരു കംപൗണ്ടർക്ക് ചെയ്യാൻ കഴിയുന്ന സാധാരണ പരിശോധന പോലും ഇപ്പോൾ പുലയനാർ കോട്ടയിൽ നടക്കുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം വാങ്ങി ഈ പ്രോജക്ട് ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന ഒന്നായി മാറ്റുന്നതിന് ഭരണ സമിതി തയ്യാറാകുന്നില്ല. അവിടെ എന്തു നടക്കുന്നു എന്നറിയാൻ നിർവ്വാഹവുമില്ല. കേരള നിയമസഭയ്ക്ക് ഈ ഭരണ സമിതിയിൽ പങ്കാളിത്തം ഉണ്ടാക്കാനും ഉത്തരവാദപ്പെട്ട, ആൾക്കാരെ ഉൾപ്പെടുത്തി ഭരണസമിതി പുനഃസംഘടിപ്പിച്ച് ജനങ്ങൾക്കും, രോഗികൾക്കും, ഡോക്ടർമാർക്കുമൊക്കെത്തന്നെ പ്രയോജനം ചെയ്യുന്ന ഒരു സ്ഥാപനമാക്കി ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്-നെ മാറ്റുന്നതിനും ഗവൺമെന്റ് ഊർജ്ജിതവും അടിയന്തിരവുമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly